# പത്ത് വർഷത്തെ കാലതാമസമുള്ള വ്യവസായ തർക്ക റഫറൻസ് നിരസിച്ചതിൽ തെറ്റില്ല

## കേരള ഹൈക്കോടതി

W.P. (C) No. 9958/2017 Dt. 27.6.2017

മഹേഷ്കുമാർ മേനോൻ ഐ.എസ്.

x

ലേബർ കോർട്ട്, എറണാകുളം

പെരുമാറ്റദൂഷ്യം ആരോപിക്കപ്പെട്ട തൊഴിലാളിക്കെതിരെ ഗാർഹികാന്വേഷണം നടത്താൻ മേനേജ്മെന്റ് തീരുമാനിച്ചു. കാരണം-കാണിക്കൽ നോട്ടീസും കുറ്റാരോപണപത്രികയും കൈപ്പറ്റിയ തൊഴിലാളി മറുപടി നല്കിയെങ്കിലും അന്വേഷണ ഉദ്യോഗസ്ഥന്റെ മുമ്പാകെ ഒരിക്കലും ഹാജരായില്ല. നിരവധി തവണ നോട്ടീസയച്ചിട്ടും ഹാജരായില്ല. നിരവധി തവണ നോട്ടീസയച്ചിട്ടും ഹാജരാകാതിരുന്ന തൊഴിലാളിയുടെ അഭാവത്തിലും അസാന്നിദ്ധ്യത്തിലും അന്വേഷണം പൂർത്തിയാക്കിയ ഉദ്യോഗസ്ഥൻ അന്തിമ റിപ്പോർട്ട് മേനേജ്മെന്റിനു സമർപ്പിച്ചു. തൊഴിലാളി കുറ്റക്കാരനാണെന്നാണ് അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തത്. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മേനേജ്മെന്റ് 1995-ൽ തൊഴിലാളിയെ ജോലിയിൽ നിന്നു പിരിച്ചുവിട്ടു. ഇതിനെതിരെ നീണ്ട പത്ത് വർഷങ്ങൾക്കു ശേഷം തൊഴിലാളി വ്യവസായ തർക്കമുന്നയിച്ചു. അത് സംസ്ഥാന സർക്കാർ ലേബർ കോടതിയിലേക്ക് റഫർ ചെയ്തു. പത്ത് വർഷം കഴിഞ്ഞതിനാൽ ആരോപിക്കപ്പെട്ട തൊഴിൽ തർക്കം നിലനില്ക്കുന്നില്ലെന്നു വിലയിരുത്തിയ ലേബർ കോടതി ആ വ്യവസായ തർക്ക റഫറൻസ് നിരാകരിച്ചുകൊണ്ട് ഉത്തരവിട്ടു. ഇതിനെതിരെ തൊഴിലാളി ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. റഫർ ചെയ്ത വ്യവസായ തർക്കം നിരാകരിക്കാൻ ലേബർ കോടതിക്ക് അധികാരമില്ലെന്നും മറ്റും തൊഴിലാളി വാദിച്ചത് ഹൈക്കോടതി അംഗീകരിച്ചില്ല. പിരിച്ചുവിട്ടതിനു ശേഷം പത്ത് വർഷം കഴിഞ്ഞ് നല്കിയ പരാതിയുടെ അടിസ്ഥാനത്തിൽ നടത്തിയ വ്യവസായ തർക്ക റഫറൻസ് നിരാകരിക്കാനും ലേബർ കോടതിക്ക് അധികാരമുണ്ടെന്നു വിലയിരുത്തിയ ഹൈക്കോടതി ലേബർ കോടതിയുടെ ഉത്തരവ് ശരിവയ്ക്കുകയും തൊഴിലാളിയുടെ റിട്ട് ഹർജി തള്ളിക്കളയുകയും ചെയ്തു.